LIBRARY ARCHIVES Kerala Legislative Assembly

- ഗവൺമെന്റ് എച്ച്. എസ്.എസ്, വെച്ചൂച്ചിറ കോളനി 5 കോടി രൂപയുടെ ഹൈസ്കൂൾ ബ്ലോക്ക് പൂർത്തിയായി. ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

- ഗവൺമെന്റ് എച്ച്. എസ്.എസ്, ഇടമുറി - 3 കോടി രൂപയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

- ഗവൺമെന്റ് എച്ച്. എസ്.എസ്, ഏഴുമറ്റൂർ -3 കോടി രൂപയുടെ നിർമ്മാണം 50% പൂർത്തിയായി.

കണ്ടറ മണ്ഡലത്തിലെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾ

224(2580) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടറ നിയോജകമണ്ഡലത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ എണ്ണം സ്കൂളുകൾ തിരിച്ച് നൽകാമോ?

കണ്ടറ നിയോജകമണ്ഡലത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളുടെ എണ്ണം കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

കാറ്റഗറി എ: സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിവുള്ളവർ

കാറ്റഗറി ബി: ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിവുള്ളവർ

കാറ്റഗറി സി: സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയാത്തവർ.

ഹയർ സെക്കണ്ടറി അദ്ധ്യാപകനായി പ്രൊമോഷൻ ലഭിച്ചവർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ

225(2581) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഹെഡ്മാസ്റ്റർ ആകാൻ യോഗ്യതയുള്ള അദ്ധ്യാപകൻ പ്രൊമോഷൻ സ്വീകരിച്ച് ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകനായി ജോലി ചെയ്തുവരുമ്പോൾ സീനിയോറിറ്റി പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ വരുന്ന ഒഴിവിൽ ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് തിരിച്ചുവരാൻ കഴിയുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.